മിസ്റ്റർ കെ. അയ്യപ്പൻ: സാധാരണ സൊസൈറ്റികൾക്ക് ധനസഹായം ചെയ്തു വരുന്നമാതിരി ഈ സൊസൈറ്റിക്കും ധനസഹായം ചെയ്യാൻ ഗവൺമെണ്ടു് തയ്യാറാണ്. സൊസൈറ്റികൾ തുടങ്ങിയതുകൊണ്ടു് കായ്മില്ല. അതു ശരിയായി നടത്താനുള്ള ആളുകൾ മുന്നോട്ടുവരാതെ ഒന്നും ശരിയാകയില്ല.

മിസ്റ്റർ എം. ഐ. പോൾ: ഞാറക്കൽ ഒരു സൊസൈറ്റിയുണ്ടു്. ഗവൺമെണ്ടിൽ നിന്നു് @ ൦ ൦ ൦ രൂപയും ഒരു പെയിഡ് ക്ലാർക്കിനേയും തരാമെന്നു് പറഞ്ഞിരുന്നു; എങ്കിലും.....

Mr. President: Order, Order, we are not on that question. This is about coir industry in Azhicode, Eriyad, etc., villages.

AVAILABILITY OF CLAY NEAR MULAMPILLY, ETC., PARTICULARS OF

115. (334) മിസ്റ്റർ ഗാസ്റ്റർ ഡിസിൽവ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവു മറുപടി പറയുമോ.—

(എ) മൂലമ്പിള്ളി തുടങ്ങിയ കായലോരപ്രദേശങ്ങളിൽ ജീവിക്കുന്നവരിൽ ഒരു നല്ല വിഭാഗം അവരുടെ ജീവിതത്തൊഴിലായ മൺപാത്ര വ്യവസായത്തിനു കളിമണ്ണു് കിട്ടുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നുണ്ടെന്നു് സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തെക്കുറിച്ചു് ഒരു അന്വേഷണം നടത്തുവാൻ ഗവൺമെണ്ടിനു വല്ല ആലോചനയും ഉണ്ടോ;

(സി) മൂലമ്പിള്ളിക്കാർക്കു് ആവശ്യമായ കളിമണ്ണു സൌകര്യമായി അടുത്തു എവിടെ കിട്ടുവാൻ സാധിക്കുമെന്ന കാര്യത്തെക്കുറിച്ചു് ഗവൺമെണ്ടു വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി & (സി) എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ പ്രദേശങ്ങൾ മൺപാത്രങ്ങളുണ്ടാക്കുന്നതിനു് വളരെ പ്രസിദ്ധമായ സ്ഥലമാണെന്നു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മൺപാത്രവ്യവസായം അവിടെ നടക്കുന്നുണ്ടു്. അതിനു് ആസ്ഥലം പ്രസിദ്ധമാണോ എന്നറിഞ്ഞുകൂടാ.

ഡോക്ടർ മിസിസ്സ് ടി. ഫ്റാൻസിസ്സ്: ഒരു പ്രത്യേക സമുദായത്തിൽപെട്ട ആളുകളല്ലെ അവിടെ മൺപാത്രമുണ്ടാക്കുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ സി. വി. ഐയ്യു: അവർ കുംഭകാരന്മാരാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ. കുടമുണ്ടാക്കുന്നവരെയാണു് കുംഭകാരന്മാരെന്നു പറയുന്നതു്.

മിസ്റ്റർ സി. വി. ഐയ്യു: കുംഭകാരന്മാരെന്നു പറയുന്നതു് കുശവന്മാരെയല്ല; ഈ തൊഴിലെടുക്കുന്നവരൊക്കെ കുംഭകാരന്മാരാണെന്നു പറഞ്ഞാൽ ക്രിസ്ത്യാനികളും മുഹമ്മദീയരും ഈ തൊഴിൽ ചെയ്യുകയാണെങ്കിൽ അവർക്കും ഈ പേർപറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ അഭിപ്രായത്തിൽ അങ്ങിനെ പറയാൻ വിരോധമില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഒരു കുടിൽ വ്യവസായമായ ഈ വ്യവസായത്തിന്റെ കാര്യത്തിൽ ഗവൺമെണ്ടിന്റെ ശ്രദ്ധ പ്രത്യേകം പതിയുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുടിൽ വ്യവസായത്തെപ്പോലെതന്നെ മറ്റെല്ലാ വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണു് ഗവൺമെണ്ടിന്റെ നയം.

ഡോക്ടർ (മിസിസ്സ്) ടി. ഫ്റാൻസിസ്സ: ഈ സ്ഥലങ്ങളിൽ ഈ വ്യവസായം ചെയ്യുന്നവർ ക്രിസ്ത്യാനികളാണെന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിയാം.

LIBRARY ARCHIVES Kerala Legislative Assembly